**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2222** **03-03-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ശാഖകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സപ്ലൈകോ വിൽപ്പനശാഖകൾ ആരംഭിച്ചെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം പുതുതായി സപ്ലൈകോയുടെ 14 മാവേലി സ്റ്റോറുകൾ , 9 മാവേലി സൂപ്പർ സ്റ്റോറുകൾ, 6 സൂപ്പർ മാർക്കറ്റുകൾ, 2 മെഡിക്കൽ സ്റ്റോറുകൾ, 2 പെട്രോൾ ബങ്കുകൾ എന്നിങ്ങനെയായി 33 വില്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സപ്ലൈകോ ശാഖകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ? | (ബി) | പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിലവിലെ മാവേലി സ്റ്റോറുകൾ വിപണന സാധ്യതയും സ്ഥല ലഭ്യതയും പരിഗണിച്ച് സപ്ലൈകോ സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിന് സപ്ലൈകോ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടക രഹിതമായോ / വാടക ഇളവിലോ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാപഠനം നടത്തിയും വിൽപ്പന സാധ്യത വിലയിരുത്തിയും പ്രവർത്തന നഷ്ടം ഉണ്ടാവില്ല എന്നത് ഉറപ്പ് വരുത്തിയും ബ്രാൻഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യം കൂടി ഏർപ്പെടുത്തിക്കൊണ്ട് മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നു. കൂടാതെ കുറഞ്ഞത് 1000 ച.അടി സ്ഥല സൗകര്യം ലഭിക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ ആധുനികമായ ഉപഭോക്തൃ സൗഹൃദ സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തി സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉപഭോക്തൃ സൗകര്യാർത്ഥം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചു. ഇതിനു പുറമെ, നിലവിലുള്ളവ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനും നടപടിയെടുത്തു. 2021 മുതൽ 85 സപ്ലൈകോ വില്പനശാലകൾ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ |

| | | | |
|---|---|---|---|
| | | | നവീകരിക്കുന്നതിനായി ആകെ 6.37 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ചിട്ടുള്ളത്. നിലവിൽ സപ്ലൈകോ 21 മൊബൈൽ മാവേലി വാഹനങ്ങളിലൂടെ സംസ്ഥാനത്തുടനീളം ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ